പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3201 — 07.11.2019 -ൽ മറുപടിയ്ക്ക്

**ദേവികുളത്ത് റവന്യൂ ടവർ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.എസ്.രാജേന്ദ്രൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് റവന്യൂ ടവർ നിർമ്മാണത്തിൽ പിൻതുടരുന്ന നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) മിനി സിവിൽ സ്റ്റേഷൻ ഇല്ലാത്ത താലൂക്ക് ആസ്ഥാനങ്ങളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ, സർക്കാരിന്റെ (റവന്യൂ വകുപ്പിന്റെ) കൈവശത്തിലുള്ള ഭൂമി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കൈമാറി ലഭ്യമാക്കി, പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അതിന് സർക്കാർ അംഗീകാരം ലഭിച്ചതിനു ശേഷം റവന്യൂ ടവർ പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും തുടർന്നുള്ള മറുപടി പ്രസംഗത്തിലും 14 റവന്യൂ ടവറുകൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുകയും അതിനു ബോർഡിനെ SPV ആയി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. റവന്യൂ ഭൂമി കണ്ടെത്തി ബോർഡിന് കൈമാറുന്ന മുറയ്ക്ക് സർക്കാരിന്റെ ഭരണാനുമതിയും, കൂടാതെ പത്തു കോടിക്ക് മുകളിലുള്ള പദ്ധതിയാണെങ്കിൽ KIIFB അംഗീകാരവും നേടിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. എന്നാൽ പലപ്പോഴും ഭൂമി കണ്ടെത്തി കൈവശം നൽകാത്തതിനാൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. |
| (ബി) ദേവികുളം നിയോജകമണ്ഡലത്തിലെ അടിമാലിയിൽ റവന്യൂ ടവർ സ്ഥാപിക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്ന് വ്യക്തമാക്കാമോ ? | (ബി) അടിമാലി റവന്യൂ ടവർ സ്ഥാപിക്കുന്നതിനായി റവന്യൂ ഭൂമി കണ്ടെത്തി കൈമാറുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**